# പിന്നാക്ക വിഭാഗ വികസന വകുപ്പ് എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ

## നടപടി ഉത്തരവ്

## (ഹാജർ : ശ്രീ. അനിൽ ജി)

വിഷയം : പി.വി.വി. - എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം 2018-19 മെഡിക്കൽ/ എഞ്ചിനിയറിംഗ് വിഭാഗത്തിലെ ഗുണഭോക്താക്കളുടെ അന്തിമ പട്ടിക തയ്യാറാക്കി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം : 1) പിവിവിവ ഡയറക്ടറുടെ 31/08/2018 ലെ **BCDD/A3/1237/2018(1)** നമ്പർ വിജ്ഞാപനം

2) സ.ഉ.(സാധാ).നം.08/2018/പി.വി.വി.വ തീയതി 02.02.18

3) പിന്നാക്ക വിഭാഗ വകുപ്പ് ഡയറക്ടറുടെ 05.02.19 ലെ **BCDD/A3/1237/2018** നമ്പർ ഉത്തരവ്

4) ഈ ആഫീസിലെ 07.02.2019 ലെ **DDEKM/A1/3041/2018** നമ്പർ നടപടി ഉത്തരവ്

=========================================================

**DDEKM/A1/3041/2018** തീയതി 16.02.2019

=========================================================

പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന മത്സര പരീക്ഷാ പരിശീലന ധനസഹായ പദ്ധതിയായ ''എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാമിന'' അപേക്ഷ ക്ഷണിച്ചു കൊണ്ട് പരാമർശം 1 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. എറണാകുളം മേഖലാ ആഫീസിന്റെ പരിധിയിൽ വരുന്ന ജില്ലകളിൽ നിന്നും ഈ പദ്ധതി പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനും കോഴിക്കോട് മേഖലാ ഡെപ്യൂട്ടി ഡയറക്ടർ തെരഞ്ഞെടുക്കുന്ന ഗുണഭോക്തൃ ലിസ്റ്റ് ക്രോഡികരിച്ച് അന്തിമ പട്ടിക തയ്യാറാക്കി ആനുകൂല്യതുക വിതരണം ചെയ്യുന്നതിന് എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടറെ പരാമർശം (3) പ്രകാരം ചുമതലപ്പെടുത്തിയും ഉത്തരവായിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിൽ നിശ്ചിത തിയതിക്കകം എറണാകുളം, കോഴിക്കോട് മേഖലാ ആഫീസുകളിൽ ലഭ്യമായ അപേക്ഷകളും അനുബന്ധരേഖകളും സൂക്ഷ്മ പരിശോധന പൂർത്തീകരിച്ച് വിജ്ഞാപനത്തിലെ മാനദണ്ഡങ്ങൾക്ക് വിധേയമായി ഉയർന്ന മാർക്ക്, (100% മുതൽ 94% വരെ +2 വിന് മാർക്ക് നേടിയ അപേക്ഷകൾ മെയിൻ/ വെയ്റ്റിംഗ് ലിസ്റ്റിൽ ഉൾപ്പെടുത്തിയും.), താഴ്ന്ന വരുമാനം എന്നിവയുടേയും അടിസ്ഥാനത്തിൽ മെഡിക്കൽ/ എഞ്ചിനിയറിംഗ് വിഭാഗത്തിൽ ആദ്യഘട്ട കരട് ഗുണഭോക്തൃ പട്ടിക പരാമർശം 4 പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു.

പരാമർശം 4 പ്രകാരം പ്രസിദ്ധീകരിച്ച കരട് പട്ടികയിൻമേൽ എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ആയതു സംബന്ധിച്ച് 12.02.2019 വരെ ആക്ഷേപം ഉന്നയിക്കുവാനുള്ള അവസരം വകുപ്പ് നൽകിയിരുന്നു. അതുപ്രകാരം ആക്ഷേപം സമർപ്പിച്ച കോഴിക്കോട് മേഖലയിൽ നിന്നുള്ള 3 വിദ്യാർത്ഥികളെയും എറണാകുളം മേഖലയിൽ നിന്നുള്ള 1 വിദ്യാർത്ഥിയേയും ഉൾപ്പെടുത്തിക്കൊണ്ടും പരാമർശം 2 ലെ സർക്കാർ ഉത്തരവ് പ്രകാരം വിധവകളുടെ മക്കൾ,മാതാപിതാക്കൾ നഷ്ടപ്പെട്ടവർ, മാരകരോഗം ബാധിച്ച രക്ഷിതാക്കളുടെ മക്കൾ, ഭിന്നശേഷിക്കാർ എന്നീ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് മാനദണ്ഡപ്രകാരം ഇളവ് നൽകികൊണ്ടും പരിഷ്കരിച്ച കരട് പട്ടിക അസ്സൽ പട്ടികയായി ഇതിനാൽ അംഗീകരിച്ച് ഉത്തരവാകുന്നു.

മേഖലാ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ടവരുടെ എണ്ണം, തുക എന്നിവ ചുവടെ ചേർക്കുന്നു.

| ഇനം | മേഖലാ ആഫീസ് | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|---|
| മെഡിക്കൽ/ എഞ്ചിനിയറിംഗ് | എറണാകുളം | 479 | 1,37,97,454 |
| | കോഴിക്കോട് | 978 | 2,86,17,410 |
| ആകെ | | 1457 | 4,24,14,864 |

അസ്സൽ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് അർഹമായ തുക അവരവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ബിൽ ഇൻഫോർമേഷൻ ആന്റ് മാനേജ്മെന്റ് സിസ്റ്റം മുഖേന ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടി മേഖല തിരിച്ച് ചെയ്യേണ്ടതാണ്.

മേഖലാ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്- തിരുവനന്തപുരം (ആമുഖകത്ത് സഹിതം)

മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പി.വി.വി.വ -കോഴിക്കോട്

ഐ.ടി. ഡിവിഷൻ പി.വി.വി.വ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

എ2 സീറ്റ് (ബിൽ മാറി തുക ക്രഡിറ്റ് ചെയ്യുന്നതിന്)

നോട്ടീസ് ബോർഡ്

കരുതൽ/ അധികം